ഡോക്ടർമാരുടെ ജോലിസമയം

147(1635)ശ്രീ. എ. അലി ഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകളിലേയും ഗവൺമെന്റ് ആശുപത്രികളിലേയും ഡോക്ടർമാരുടെ ജോലി സമയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും രോഗികൾക്ക് മുഴുവൻ സമയവും ചികിത്സാ സൗകര്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിൽ ഇല്ല.

(ബി) നിലവിലുള്ള പാറ്റേൺ അനുസരിച്ച് 30 കിടക്കകൾ വരെയുള്ള പി.എച്ച്.സി.കളിൽ ഒരു ഡോക്ടറുടെ തസ്തിക മാത്രമേ അനുവദനീയമായിട്ടുള്ളൂ.

(സി) കിടത്തി ചികിത്സ ഉള്ള ആശുപത്രികളിൽ എല്ലാം മുഴുവൻ സമയവും രോഗിക്ക് ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലെ എച്ച്.ഡി.സി.യുടെ പ്രവർത്തനം

148 (1636)ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്. ഡി.സി. മുഖാന്തിരം ഒരു മാസം ശരാശരി എന്തുതുക ലഭിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക ചെലവഴിക്കുന്നത് സംബന്ധിച്ചുള്ള നിബന്ധന എപ്രകാരമാണ്;

(സി) ഏതു വർഷം വരെയുള്ള കണക്കുകൾ ആഡിറ്റുചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആഡിറ്റിൽ എന്തൊക്കെ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആഡിറ്റ് റിപ്പോർട്ടിന്മേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(എഫ്) ഒരു നടപടിയും കൈക്കൊള്ളാത്ത പക്ഷം കാരണമെന്തെന്നു വ്യക്തമാക്കുമോ;

(ജി) എച്ച്.ഡി.സി. പിരിച്ചെടുത്ത തുക ജീവനക്കാർക്ക് ശമ്പളം നൽകാൻ വിനിയോഗിക്കുന്നുണ്ടോ;

(എച്ച്) ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്തെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എച്ച്.ഡി.സി.ക്ക് ഒരു മാസം ലഭിക്കുന്ന ശരാശരി വരുമാനത്തിന്റെ കണക്ക് താഴെകൊടുത്തിരിക്കുന്നു.

എച്ച്.ഡി.സി.	-	11,50,000
സി.റ്റി. സ്കാനിംഗ്	-	3,60,000
ഓപ്പൺ ഹാർട്ട് സർജറി	-	2,20,000
പേയിംഗ് കൗണ്ടർ	-	70,00,000

(ബി) ഒരു ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ഇത് കൂടാതെ 10 ലക്ഷം രൂപ വരെ മുൻകൂട്ടി സർക്കാർ അനുമതി വാങ്ങാതെ എച്ച്.ഡി.എസ്.ന് ചെലവഴിക്കാനുള്ള അധികാരവും നൽകിയിട്ടുണ്ട്. ചെലവിടുന്നതെല്ലാം എച്ച്.ഡി.എസ്.ന്റെ അംഗീകാരത്തിന് വിധേയമായിട്ടാണ്. വർഷംതോറും വരവ്-ചെലവ് കണക്കുകൾക്ക് എച്ച്.ഡി.എസ്സിന്റെ ജനറൽ ബോഡിയോഗത്തിന്റെ അംഗീകാരവും വാങ്ങാറുണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് 1997-98വരെയും ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ആഡിറ്റ് 1998-99 വരെയും ഡി.എം.ഇ.യുടെ ഇന്റേണൽ വിഭാഗത്തിന്റെ ആഡിറ്റ് 1997-98 വരെയും നടത്തിയിട്ടുണ്ട്.

(ഡി) ഗവൺമെന്റിന്റെ നിർദ്ദിഷ്ട പരിധിയിൽ കവിഞ്ഞ ശമ്പളം കൊടുത്തിട്ടുള്ളതും ഗവൺമെന്റ് ഉത്തരവുകളുടെ പരിധിക്ക് പുറത്ത് പർച്ചേസ് നടത്തിയതും കൺസ്ട്രക്ഷൻ നടത്തിയതുമായ പോരായ്മകളും ഗവൺമെന്റിന്റേയോ, എച്ച്.ഡി.എസ്. കമ്മിറ്റിയുടേയോ അനുവാദം കൂടാതെ ഭീമമായ തുക പേയിംഗ് കൗണ്ടറിൽ നിന്നും, ഗാർഡനിംഗിനും, കൃഷിചെലവിനും ചെവലാക്കിയതും ആയുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഇ)&(എഫ്) 1998-99 ലെ പേയിംഗ് കൗണ്ടർ ആഡിറ്റ് ചെയ്തതിനെക്കുറിച്ച് ഇന്റേണൽ ആഡിറ്റർ നടത്തിയ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.ഡി.എസി.ന്റെ ജനറൽ ബോഡിയോഗം 1998-99ലെ പേയിംഗ് കൗണ്ടറിലെ അക്കൗണ്ടുകൾ വിശദമായി പരിശോധിക്കുന്നതിനും, ക്രമക്കേടുകൾ സംബന്ധിച്ച് എടുക്കാവുന്ന നടപടികൾ പരിശോധിക്കുന്നതിനും ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) 23.3.'99-ലെ സ.ഉ.(പി)1187/99/ഫിൻ-ഉള്ള നിരക്കുകൾ അനുസരിച്ച് എച്ച്.ഡി.എസ്സിന്റെ കീഴിൽ പണിയെടുക്കുന്ന ദിവസവേതന ജീവനക്കാർക്ക് വേതനം നൽകുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം

149(1637)ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്ര വകുപ്പുകളിലെ ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly